**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

28/06/2013-ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ: 4711

കുറുവ ഗ്രാമ പഞ്ചായത്ത് വിഭജനം

ചോദ്യം

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

എ) വളരെ വിസ്തൃതിയുള്ളതും, അൻപതിനായിരത്തിലധികം ജനസംഖ്യയുള്ളതുമായ കുറുവ ഗ്രാമപഞ്ചായത്ത് വിഭജിക്കണമെന്നാവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

ബി) എങ്കിൽ കുറുവ ഗ്രാമപഞ്ചായത്ത് വിഭജിച്ച് പുതിയപഞ്ചായത്ത് രൂപീകരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

മറുപടി

ഡോ.എം.കെ.മുനീർ
പഞ്ചായത്തും സാമൂഹികനീതിയും വകുപ്പ് മന്ത്രി

എ) ഉണ്ട്.

ബി) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 4(2) പ്രകാരം സർക്കാരിന് ബന്ധപ്പെട്ട പഞ്ചായത്ത് ആവശ്യപ്പെട്ടതിന്മേലോ പഞ്ചായത്തുമായി ആലോചിച്ചശേഷമോ നിർദ്ദേശം വിജ്ഞാപനം വഴി മുൻകൂട്ടി പ്രസിദ്ധീകരിച്ചതിനുശേഷം (എ) ഏതെങ്കിലും ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിൽ ഏതെങ്കിലും ഗ്രാമമോ, ഗ്രാമങ്ങളുടെ കൂട്ടമോ ഉൾപ്പെടുത്തിക്കൊണ്ട് ആ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ (ബി) ഏതെങ്കിലും ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിൽ നിന്ന് ഏതെങ്കിലും ഗ്രാമത്തെയോ, ഗ്രാമങ്ങളുടെ കൂട്ടത്തെയോ ഒഴിവാക്കിക്കൊണ്ട് ആ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം കുറയ്ക്കുകയോ ചെയ്യാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള ഏതൊരു മാറ്റവും ആ പഞ്ചായത്തിന്റെ നിലവിലുള്ള സമിതിയുടെ കാലാവധി തീരുന്ന മുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ